(ബി) മരിച്ചവർ - 57

അംഗഭംഗം വന്നവർ - 11

പരിക്കേറ്റവർ - 217

(സി)മുതൽ(ഇ)വരെ വെടിക്കെട്ടപകടങ്ങളുൾപ്പെടെയുള്ളതാണ് സ്ഫോടനങ്ങളുടെ കണക്കിൽപ്പെട്ടിട്ടുള്ളത്. രാഷ്ട്രീയകക്ഷി അടിസ്ഥാനത്തിൽ കണക്ക് തയ്യാറാക്കിയിട്ടില്ല.

76 (76) കള്ളനോട്ടു കേസ്സുകൾ

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കള്ളനോട്ടു കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) അതിൽ നൂറു രൂപയുടെ വ്യാജനോട്ടുകൾ സംബന്ധിച്ച കേസ്സ് ഉൾപ്പെടുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) വ്യാജനോട്ടുകൾ വിതരണം ചെയ്യുന്നതു സംബന്ധിച്ച കേസ്സിൽ എത്രപേരെ ശിക്ഷിച്ചിട്ടുണ്ട്;

(ഡി) എത്ര കേസ്സുകൾ വെറുതെ വിട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഇ) വിദേശത്ത് വ്യാജനോട്ടുകൾ നിർമ്മിച്ച് സംസ്ഥാനത്ത് പ്രചരിപ്പിച്ചതു സംബന്ധിച്ച് ഏതെങ്കിലും കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ?

ഉത്തരം

(എ) 198 കേസ്സുകൾ.

(ബി) ഉണ്ട്. 126 കേസ്സുകൾ. നൂറുരൂപയുടെ വ്യാജനോട്ട് സംബന്ധിച്ചുള്ളതാണ്. ഇതിൽ നൂറുരൂപയുടെ 25,857 വ്യാജനോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്.

(സി) 16 കേസ്സുകളിലായി 30 പേരെ ശിക്ഷിച്ചിട്ടുണ്ട്.

(ഡി) 28 കേസ്സുകളിൽ 60 പേരെ വെറുതെ വിട്ടിട്ടുണ്ട്.

(ഇ) ഇല്ല.

77 (77) ആലപ്പുഴ ജയചന്ദ്രൻനായരെ മർദ്ദിച്ച സംഭവം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരത്തിൽ ഓമനക്കുട്ടൻ എന്നയാളുടെ വീട്ടിൽ നടന്ന എക്സൈസ് റെയിഡിനോടനുബന്ധിച്ച് പൊതുപ്രവർത്തകനായ ജയചന്ദ്രൻനായർ എന്നയാളെ സ്പിരിറ്റ് മദ്യമാഫിയ പ്രവർത്തകർ മൃഗീയമായി മർദ്ദിച്ച സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കുറ്റക്കാരായ മദ്യമാഫിയക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) മദ്യമാഫിയ പ്രവർത്തകരുടെ അതിക്രൂരമായ മർദ്ദനത്തിൽ ഒരു കണ്ണ് നഷ്ടപ്പെടുകയും പരിക്കേൽക്കുകയും ചെയ്ത ജയചന്ദ്രൻനായർക്ക്

LIBRARY ARCHIVES Kerala Legislative Assembly